**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **07-12-2022 - ൽ മറുപടിയ്ക്ക്**

**കളത്തിങ്ങൽപാറ മൂഴിക്കൽ തോടിന് കുറുകെ വി.സി.ബി. നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളത്തിങ്ങൽപാറ മൂഴിക്കൽ തോടിന് കുറുകെ വിസിബി (വാക്വം സർക്യൂട്ട് ബ്രേക്കർ) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകിയിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മൂന്നിയൂർ പഞ്ചായത്തിലെ കളത്തിങ്ങൽപാറ മൂഴിക്കൽ തോടിന് കുറുകെ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തിയുടെ 100.00 ലക്ഷം രൂപ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി മൈനർ ഇറിഗേഷന്റെ MI Class I പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പിന്നിടാൻ കുറച്ച് മാസം മാത്രം അവശേഷിക്കെ, മലപ്പുറം ജില്ലയിൽ വകുപ്പ് തലത്തിൽ തയ്യറാക്കിയ മുൻഗണന പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള പദ്ധതിക്ക് ഫണ്ട് ചിലവിഴിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | മൂന്നിയൂർ പഞ്ചായത്തിലെ കളത്തിങ്ങൽപാറ മൂഴിക്കൽ തോടിന് കുറുകെ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തിയുടെ 100.00 ലക്ഷം രൂപ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി മൈനർ ഇറിഗേഷന്റെ MI Class I പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതി ഉൾപ്പെട്ട സംസ്ഥാന തല പട്ടികയിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി എത്ര തുക ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത തുക ഏതു ഹെഡിലാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഹെഡിൽ നിന്നും ചിലവഴിച്ച തുകയുടെ വിശദാംശങ്ങളും അവ ഏതൊക്കെ പ്രവൃത്തികൾക്കാണ് നൽകിയതെന്നുമുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തിൽ 4702-00-101-99 -MI Class I എന്ന ശീർഷകത്തിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 ലക്ഷം രൂപ വയനാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി 1500.00 ലക്ഷം തുക വരുന്ന പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ ശീർഷകത്തിൽ നിലവിൽ ഒരു പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടില്ല. മേൽ പ്രവൃത്തിയുൾപ്പെടെ ഏറ്റെടുക്കാൻ തയ്യാറാക്കിയിട്ടുള്ള പ്രവൃത്തി കൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ